# സൈക്കിൾ നഗരം

ആലപ്പു
സൈക്കിളുകളുടെ ദേശമാണ്
ബാല്യ - കൗമാരങ്ങളിലൂടെ വാർദ്ധക്യത്തോളം
നീളുന്ന സൈക്കിളുകളുടെ കൈത്താങ്ങിലാണ
ആലപ്പുഴക്കാരന്റെ ജീവിതം
സൈക്കിൾ ഷെഡിനായി ദിവസങ്ങൾ നീണ
സമരം നടത്തിയ കാമ്പസ്
ഇന്നും അവിടെയുണ്ട്.
ആലപ്പുഴയിലൂടെ ഒരു യാത്ര...

പാഠം : **കെ. എ. സൈഫുദ്ദീൻ**
പടം : **അജിലാൽ**

ഞങ്ങളുടെ നഗരം ഓരോ ഫോട്ടോഗ്രാഫർക്കുനേരെയും ഒരു വെല്ലുവിളി ഉയർത്താറുണ്ട്. നഗരം എന്നു പറയാൻ മാത്രമൊന്നുമില്ല. എങ്കിലും നാവുവഴക്കങ്ങളിൽ അങ്ങനെ പറഞ്ഞുശീലമായിപ്പോയി. നഗരത്തിന്റെ തച്ചുകോണുകളിൽ ക്യാമറ ഉറപ്പിച്ച് ഫോക്കസ് ചെയ്ത് കാഴ്ചകൾ പകർത്തുന്ന ഫോട്ടോഗ്രാഫർക്ക് രക്ഷപ്പെടാൻ കഴിയാത്ത ഒരു കാഴ്ചയാണ് സൈക്കിൾ. ഒരു ഫ്രെയ്മിൽനിന്ന് ആ ഒരു ദൃശ്യമൊഴിച്ച് മാറ്റി മറ്റൊരു ദൃശ്യമൊപ്പിച്ചെടുക്കാൻ അയാൾ നന്നായി പാടുപെടേണ്ടി വരും

ഒരേ നേർരേഖയിൽ മുന്നിലും പിന്നിലുമായി ക്രമപ്പെടുത്തിയ ഇരട്ട ചക്രത്തിന്റെ രണ്ടിഞ്ച് വീതിയിൽ പാതയും കാലവും താണ്ടുന്ന മനുഷ്യരുടെ കാഴ്ച. നീട്ടിയും കുറുകിയും ഓടുന്ന സൈക്കിൾ എന്ന വാഹനത്തിന്റെയും അതിന്റെ വിവിധ രൂപങ്ങളുടെയും കാഴ്ചയൊഴിവാക്കി ആലപ്പുഴയെ പകർത്തിയെടുക്കാനാവില്ല തന്നെ.





*നീണ്ട വിദ്യാർത്ഥി സമരത്തിനൊടുവിൽ അനുവദിച്ച ആലപ്പുഴ എസ്.ഡി. കോളജിലെ സൈക്കിൾ ഷെഡ്.*

കാപ്പിയും കുരുമുളകും ചക്കിലാട്ടിയ വെളിച്ചെണ്ണയും പുന്നെല്ലും മണത്ത പഴംകാലത്തിലൊരിടത്ത് നിന്നാണ് ഞങ്ങളുടെ നഗരം ആരംഭിക്കുന്നത്. കീറിയിട്ട കനാലും കായലും ചേർന്ന് ആലപ്പുഴ എന്ന ഞങ്ങളുടെ നഗരത്തെ കിഴക്കിന്റെ വെന്നീസാക്കുന്നു. പ്രതാപങ്ങളൊക്കെ അടിത്തൂൺപറ്റി പിരിഞ്ഞു പോയിട്ടും വിടാതെ പിന്തുടരുന്ന വരട്ടുചൊറി പോലെ ഞങ്ങൾ കൊണ്ടുനടക്കുന്നത് പൂർവ്വ പ്രതാപത്തിന്റെ ഈ പേരു മാത്രമാണ്

നഗരം മാറി പരക്കം പാച്ചിലിലായെങ്കിലും, പതിവുകൾ കൈവിട്ട് വേഗം കൂടിയ ജീവിതത്തിലെത്തിയിട്ടും ഇന്നും മാറാതെ തുടരുന്ന ഒരേയൊരു ശീലം സൈക്കിൾ സഞ്ചാരം മാത്രമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ സൈക്കിളുകൾ ഉള്ളത് ആലപ്പുഴയിലാണ്. പെട്രോൾ ഡോളറിന്റെ നാട്ടിൽ കാറുകളില്ലാത്ത വീടില്ല എന്നു പറയാറുണ്ട്. ആലപ്പുഴയിൽ സൈക്കിളില്ലാത്ത വീടുകളില്ല എന്നു പറയുന്നതാവും നേര്.

ചെറു നഗരങ്ങൾപോലും വെളുപ്പാൻ കാലങ്ങളിൽ പാൽക്കാരനും, പത്രക്കാരനും മാത്രം സൈക്കിൾ ഉപയോഗിക്കുന്ന ശീലത്തിലേക്ക് ചുരുങ്ങുകയോ അവരും മോപ്പഡുകളിലേക്കും എം.80 കളിലേക്കും മാറുകയും ചെയ്തിട്ടും ഞങ്ങളുടെ നഗരത്തിലെ ഭൂരിഭാഗവും സഞ്ചാരവേഗം കണ്ടെത്തുന്നത് സൈക്കിളിലാണ്.

രാവിലെ ഓഫീസുകളിലേക്ക് പോകുന്ന ഉദ്യോഗസ്ഥരും, ബാങ്ക് ജീവനക്കാരും, കൂലിത്തൊഴിലാളികളും, കച്ചവടക്കാരും, മീൻ വിൽക്കുന്നവരുമെല്ലാം സൈക്കിളിലാണ് ദിവസം തുടങ്ങുന്നത്.കോളജിലേക്ക് പോകുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗവും സൈക്കിളിനെ ആശ്രയിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു.

### പുതിയ ബാഗ്, പുതിയ ഉടുപ്പ്, പുതിയ സൈക്കിൾ

സ്കൂൾ മുറ്റങ്ങളിൽ മണിയൊച്ച മുഴങ്ങിത്തുടങ്ങുന്ന ജൂൺ മാസക്കാലത്തിൽ ഞങ്ങളുടെ നഗരത്തിലെയും ഗ്രാമങ്ങളിലെയും കുട്ടികൾ ശാഠ്യം പിടിച്ച് കരയുന്നത് പുതിയ സൈക്കിളിനായിരിക്കും. അതറിയണമെങ്കിൽ നിങ്ങൾ

**കടൽ കനിയുന്നത് മാത്രം കാത്തുകഴിയുന്ന ഒരു ജനതക്കെങ്ങനെ ബൈക്കിലും കാറിലും ചെത്തിനടക്കാനാവും. അങ്ങനെയൊക്കെ ആഗ്രഹമുണ്ടെങ്കിലും തൽക്കാലം ഒരു സൈക്കിളിൽ കയറി ആശയടക്കാം.**





1992-ൽ ആലപ്പുഴ
എസ്.ഡി.കോളേജിൽ
ഒരു സമരം നടന്നു.
കാരണം വിചിത്രമായി
തോന്നിയേക്കാം.
വിദ്യാർത്ഥികളുടെ
സൈക്കിൾ സൂക്ഷിക്കാൻ
പ്രത്യേകം ഷെഡ്
എന്നതായിരുന്നു ആവശ്യം.
മുറ്റത്തിന്റെ നടുവിലെ
പൂന്തോട്ടത്തിന്റെ
ഇരുവശത്തുമായി
കടന്നു പോകുന്ന
റോഡിന്റെ ഓരം ചേർന്ന്
രണ്ട് നിരയിൽ
ഷെഡ് പണിത്
മാനേജ്മെന്റ് സമരാവശ്യം
പരിഹരിച്ചു.

ഞങ്ങളുടെ സ്കൂൾ മുറ്റങ്ങളിലേക്ക് വരണം. സ്കൂളുകളിൽ സൈക്കിളുകൾ പാർക്ക് ചെയ്യാൻ മാത്രം നെടുനീളത്തിൽ കെട്ടിയുണ്ടാക്കിയ സൈക്കിൾ ഷെഡുകൾ കാണാം. ആലപ്പുഴ നഗരത്തിൽ ഏറ്റവുമധികം കുട്ടികൾ പഠിക്കുന്നത് ലിയോ തെർട്ടീൻ സ്കൂളിലാണ്. മൂവ്വായിരത്തോളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. ഏതാണ്ട് 2100-ഓളം കുട്ടികൾ ഇവിടെ സൈക്കിളിൽ വരുന്നവരാണ്. സ്കൂൾ മുറ്റത്തിന് തണല് കൊടുത്ത് പരന്നു നിൽക്കുന്ന പടുകൂറ്റൻ കൊന്ന മരത്തിന്റെ ചുവട്ടിൽ നിരനിരയായി രണ്ടായിരത്തിൽപ്പരം സൈക്കിളുകൾ നിരത്തിവെച്ചിട്ടുണ്ടാവും.

സൈക്കിളുകൾ മാറിപ്പോകാതിരിക്കാനും, എളുപ്പത്തിൽ എടുക്കാനും ഓരോ ക്ലാസിനും പ്രത്യേകം സ്ഥലങ്ങൾ അനുവദിച്ചിട്ടുണ്ട്. ഓരോ ക്ലാസുകാരും അവർക്ക് നിശ്ചയിച്ച സ്ഥലത്ത് മാത്രമെ സൈക്കിൾ വെക്കാവൂ എന്ന് കർശന നിയമം

നഗരത്തിൽ പതിനഞ്ചോളം സ്കൂളുകളുണ്ട്. രാവിലെയും വൈകുന്നേരവും ഇത്രയും വിദ്യാർത്ഥികൾ സൈക്കിളുകളുമായി റോഡുകൾ കടക്കും. രാവിലെ 10 മണിക്ക് ബെൽ മുഴങ്ങിക്കഴിയുമ്പോഴാവും ട്രാഫിക്ക് പോലീസുകാരൻ ദീർഘ നിശ്വാസം വിടുക

വിദ്യാർത്ഥികളിൽ ഏറ്റവും കൂടുതൽ സൈക്കിൾ ഉപയോഗിക്കുന്നത് പെൺകുട്ടികളാണ്. അവർക്കായി പ്രത്യേകം ഡിസൈൻ ചെയ്ത സൈക്കിളുകൾ വിപണിയിലുണ്ട്.

**സൈക്കിൾ ഷെഡ്ഡിനായി ഒരു സമരം**

1992-ൽ നഗരത്തിലെ പ്രധാന കോളേജായ എസ്.ഡി. കോളേജിൽ ഒരു സമരം നടന്നു. സമരകാരണം ഇന്നൊരുപക്ഷേ വിചിത്രമായി തോന്നിയേക്കാം.

വിദ്യാർത്ഥികളുടെ സൈക്കിൾ സൂക്ഷിക്കാൻ പ്രത്യേകം ഷെഡ് പണിയണം എന്നതായിരുന്നു ആവശ്യം. കോളേജ് മുറ്റത്തിന്റെ നടുവിലെ പൂന്തോട്ടത്തിന്റെ ഇരുവശത്തുമായി കടന്നുപോകുന്ന റോഡിന്റെ ഓരം ചേർന്ന് രണ്ട് നിരയിൽ സൈക്കിൾ ഷെഡ് പണിത് മാനേജ്മെന്റ് സമരാവശ്യം പരിഹരിച്ചു.

സൈക്കിളുകൾ മഴയും വെയിലുമേൽക്കാതിരിക്കാൻ സമരം ചെയ്ത് നേടിയെടുത്ത സൈക്കിൾ ഷെഡുകളിൽ തെക്കുവശത്തേത് പൊളിച്ചുകളഞ്ഞു. വടക്കുഭാഗത്തെ ഷെഡ് അനാഥമായി



*ലിയോ തേർട്ടീൻത് സ്കൂളിലെ സൈക്കിളുകൾ*



കിടക്കുന്നു. അതിൽ അത്യപൂർവമായി ക്ലാസ് കട്ട് ചെയ്തു വന്നിരുന്ന് ചില വിദ്വാൻമാർ സൊറപറയുന്നു.

ഒരു കാലത്ത് അധ്യാപകരും കോളേജിൽ വന്നിരുന്നത് സൈക്കിളിലായിരുന്നു. പ്രൊഫസർ രാമചന്ദ്രൻ ഒരു പഴങ്കഥ പറഞ്ഞു. കോളേജ് അധ്യാപകരുടെ സ്കെയിൽ യു.ജി.സി.യായപ്പോൾ അവർ കാറിൽ കയറി. അതിനു മുമ്പ് വിദ്യാർത്ഥികൾ ബൈക്കിലുമേറി.

എങ്കിലും കാമ്പസിൽ സൈക്കിളിലെത്തുന്ന വിദ്യാർത്ഥികൾ നിരവധിയാണ്. അവരിലധികവും പെൺകുട്ടികൾ. സൈക്കിളാകുമ്പോൾ അപകടം കുറവാണ്. പൂർണ്ണമായും നമ്മുടെ നിയന്ത്രണത്തിലുമാണ്. അതുകൊണ്ടാണ് താൻ സൈക്കിൾ തെരഞ്ഞെടുത്തതെന്ന് മൂന്നാം വർഷ ബിരുദ വിദ്യാർത്ഥിനി അശ്വതി പറയുന്നു.

## സൈക്കിളിന്റെ സാമ്പത്തിക - ഭൂമിശാസ്ത്രങ്ങൾ

കാടും മലയുമില്ലാത്ത മലയാളത്തിലെ ഏക ജില്ല ആലപ്പുഴയാണ്. നിരനിരപ്പായ ഭൂമി ആയാസപ്പെടാതെ സൈക്കിൾ ചവിട്ടി മുന്നേറാൻ പാകത്തിലുള്ളത്. സൈക്കിളിന് ഇത്രയേറെ പ്രചാരം കിട്ടാനുള്ള മുഖ്യകാരണങ്ങളിൽ ഒന്നിതാണ്.

രണ്ടാമത്തേത്, ഞങ്ങളുടെ ജില്ല ഏറ്റവും ദാരിദ്ര്യം പിടിപെട്ടതാണ് എന്നതത്രെ. ആളോഹരി വരുമാനത്തിന്റെ കണക്കെടുത്താൽ വയനാടിനെക്കാൾ അത് പിന്നിലായിരിക്കാം.

പണ്ട് ഞങ്ങൾക്ക് തുറമുഖമുണ്ടായിരുന്നു. പാണ്ടികശാലകളും കൊപ്രകളങ്ങളുമുണ്ടായിരുന്നു. കയർ ഫാക്ടറികളും എണ്ണയാട്ടു മില്ലുകളുമുണ്ടായിരുന്നു. ഇന്ന് ഒന്നുമില്ല. എല്ലാം ഉപ്പുപ്പായുടെ ആനകളായിരുന്നു.

കടൽ കനിയുന്നത് മാത്രം കാത്തുകഴിയുന്ന ഒരു ജനതക്കെങ്ങനെ ബൈക്കിലും കാറിലും ചെത്തിനടക്കാനാവും. അങ്ങനെയൊക്കെ ആഗ്രഹമുണ്ടെങ്കിലും തൽക്കാലം ഒരു സൈക്കിളിൽ കയറി ആശയടക്കാം. ●

